ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:28-10-2024**

## പ്രധാനവാർത്തകൾ

1). **പടക്കോപ്പുകൾ കൊണ്ടുപോകുന്ന സി-295 സൈനിക വിമാനങ്ങൾ നിർമിക്കുന്ന ടാറ്റ എയർക്രാഫ്റ്റ് സമുച്ചയം വഡോദരയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും സ്പെയിൻ പ്രധാനമന്ത്രി പെഡ്രോ സാഞ്ചസും സംയുക്തമായി ഉദ്ഘാടനം ചെയ്തു.**

2). **വിജിലൻസ് അവബോധ വാരാചരണത്തിന് രാജ്യത്ത് തുടക്കമായി. സത്യനിഷ്ഠ പാലിക്കുന്നതിലൂടെ രാജ്യത്തിൻറെ അഭിവൃദ്ധി എന്നതാണ് ഈ വർഷത്തെ പ്രമേയം.**

3). **ഇടുക്കിയിലെ തോട്ടിയാർ ജലവൈദ്യുത പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു.**

4). **ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലേയും വയനാട് ലോക് സഭാ മണ്ഡലത്തിലേക്കുമുള്ള നാമനിർദ്ദേശ പത്രികയുടെ സൂക്ഷ്മ പരിശോധന ഇന്ന്.**

5). **തേങ്കുറിശ്ശി ദുരഭിമാന കൊലക്കേസിൽ പ്രതികൾക്ക് ജീവപര്യന്തം തടവ് വിധിച്ച് കോടതി.**

6). **രഞ്ജി ട്രോഫി ക്രിക്കറ്റിൽ ബംഗാളിനെതിരെ കേരളത്തിന് ബാറ്റിംഗ് തകർച്ച.**

RNU TVPM

***************************************************

## പ്രധാനമന്ത്രി ടാറ്റ - (ഇൻട്രോ)

പടക്കോപ്പുകൾ കൊണ്ടുപോകുന്ന സി- 295 സൈനിക വിമാനങ്ങൾ നിർമിക്കുന്ന ടാറ്റ എയർക്രാഫ്ട് സമുച്ചയം ഗുജറാത്തിലെ വഡോദരയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും സ്പെയിൻ പ്രധാനമന്ത്രി പെദ്രോ സാഞ്ചസും സംയുക്തമായി ഉദ്ഘാടനം ചെയ്തു. എയർക്രാഫ്ട് നിർമാണ മേഖലയിൽ വിശ്വസനീയമായ പങ്കാളി എന്ന നിലയിൽ ആഗോളതലത്തിൽ ഇന്ത്യയുടെ സ്ഥാനം ശക്തിപ്പെടുത്തുന്നതാണ് ഈ പദ്ധതിയെന്ന് പ്രധാനന്ത്രി പറഞ്ഞു.

**(വോയ്സ്.........................)**

മെയ്ക്ക് ഇൻ ഇന്ത്യ സംരംഭത്തിന് കീഴിൽ സൈനിക വിമാനങ്ങൾക്കായുള്ള ഇന്ത്യയുടെ ആദ്യത്തെ സ്വകാര്യ മേഖലയിലെ എയ്റോസ്പേസ് പദ്ധതിയാണ് ടാറ്റ എയർബസ്. സ്പെയിനുമായി സഹകരിച്ചാണ് ടാറ്റ എയർബസ് ഗുജറാത്തിൽ നിർമ്മാണയൂണിറ്റ് സ്ഥാപിക്കുന്നത്.

***************************************************

## പ്രധാനമന്ത്രി - റെയിൽഗേജ്

പ്രധാനമന്ത്രി നരേന്ദ്ര മോദി ഗുജറാത്തിലെ ഭുജ്-നാലിയ റെയിൽ ഗേജ് രാജ്യത്തിന് സമർപ്പിച്ചു. ഏകദേശം ആയിരത്തി 100 കോടി രൂപ ചെലവിൽ പൂർത്തിയാക്കിയ 101.4 കിലോമീറ്റർ റെയിൽ ലൈനിൽ ഉൾപ്പെട്ടതാണ് ഈ പദ്ധതി.

***************************************************

## 70 കഴിഞ്ഞവർ-സൗജന്യ പരിരക്ഷ

കുടുംബത്തിൻറെ വാർഷിക വരുമാനം പരിഗണിക്കാതെ 70 കഴിഞ്ഞ എല്ലാവരെയും ആയുഷ്മാൻ ഭാരത് ആരോഗ്യ ഇൻഷുറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തുന്ന പദ്ധതിയ്ക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ തുടക്കം കുറിക്കും. നാലരക്കോടി കുടുംബങ്ങളിലെ ആറ് കോടിയോളം മുതിർന്ന പൗരന്മാർക്ക് അഞ്ച് ലക്ഷം രൂപയുടെ പരിരക്ഷ ലഭിക്കുന്നതാണ് പദ്ധതി. പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പോർട്ടലിലോ ആയുഷ്മാൻ ആപ്പിലോ രജിസ്റ്റർ ചെയ്താണ് പദ്ധതിയുടെ

RNU TVPM

ഭാഗമാകുന്നത്. നിലവിൽ ആയുഷ്മാൻ കാർഡുള്ളവർ വീണ്ടും പുതിയ കാർഡിനായി അപേക്ഷിക്കണം. കേരളത്തിൽ അക്ഷയകേന്ദ്രങ്ങളിൽ ഇതിനുള്ള സൗകര്യം ലഭിക്കും.

****************************************************

## വിജിലൻസ് അവബോധ വാരം

ഈ വർഷത്തെ വിജിലൻസ് അവബോധ വാരാചരണത്തിന് രാജ്യമെമ്പാടും ഇന്ന് തുടക്കമായി. പൊതുജീവിതത്തിൽ സത്യസന്ധത പ്രോത്സാഹിപ്പിക്കുന്നതിനും അഴിമതി രഹിത സമൂഹം കൈവരിക്കുന്നതിനുമായാണ് വിജിലൻസ് അവബോധ വാരം ആചരിക്കുന്നത്. സത്യനിഷ്ഠ പാലിക്കുന്നതിലൂടെ രാജ്യത്തിൻറെ അഭിവൃദ്ധി എന്നതാണ് ഈ വർഷത്തെ പ്രമേയം. സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ, ബാങ്കുകൾ, ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർ, പൊതുപ്രവർത്തകർ എന്നിവർ വാരാചരണത്തോടനുബന്ധിച്ച് പ്രതിജ്ഞയെടുക്കും. സർദാർ വല്ലഭ്ഭായ് പട്ടേലിൻറെ ജന്മദിനം വരുന്ന ആഴ്ചയിലാണ് എല്ലാ വർഷവും വിജിലൻസ് അവബോധ വാരം ആചരിക്കുന്നത്.

RNU TVPM

****************************************************

## ഇടുക്കി - (ഇൻട്രോ)

ഇടുക്കി ജില്ലയിലെ തോട്ടിയാർ ജലവൈദ്യുത പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു. 40 മെഗാവാട്ടാണ് ഉൽപാദന ശേഷി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**
**(വോയിസ്.......)**

****************************************************

## ഉപതിരഞ്ഞെടുപ്പ് പ്രചാരണം

ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലും വയനാട് ലോക്സഭാ മണ്ഡലത്തിലേക്കുമുള്ള ഉപതെരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടുപിടിച്ചു. നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന് നടക്കുന്നു. പത്രിക പിൻവലിക്കാനുള്ള അവസാന തീയതി ഈ മാസം 30 ആണ്. അടുത്ത മാസം 13-നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ നവംബർ 23-ന്.

****************************************************

## പ്രിയങ്കഗാന്ധി - വയനാട്

വയനാട് ലോക്സഭ ഉപതെരഞ്ഞെടുപ്പിലെ യു.ഡി.എഫ് സ്ഥാനാർത്ഥി പ്രിയങ്കാഗാന്ധി ഇന്ന് തെരഞ്ഞെടുപ്പ് യോഗങ്ങളിൽ പങ്കെടുക്കും. ബത്തേരി നിയോജക മണ്ഡലത്തിലെ മീനങ്ങാടിയിലാണ് ആദ്യ പരിപാടി.

എൽ.ഡി.എഫ് സ്ഥാനാർഥി സത്യൻ മൊകേരി ഇന്ന് കൽപ്പറ്റ നിയോജകമണ്ഡലത്തിൽ പ്രചാരണം നടത്തുന്നു.

എൻ.ഡി.എ സ്ഥാനാർഥി നവ്യ ഹരിദാസിൻറെ പ്രചാരണം ഇന്ന് മാനന്തവാടിയിലാണ്.

****************************************************

## പാലക്കാട് - ഉപതിരഞ്ഞെടുപ്പ്

പാലക്കാട് നിയമസഭ ഉപതെരഞ്ഞെടുപ്പിൽ എൻ.ഡി.എ സ്ഥാനാർഥി സി. കൃഷ്ണകുമാർ കണ്ണാടി പഞ്ചായത്തിൽ നിന്നും പ്രചാരണം ആരംഭിച്ചു. തെരഞ്ഞെടുപ്പ് കൺവെൻഷൻ വൈകിട്ട് ഇ. ശ്രീധരൻ ഉദ്ഘാടനം ചെയ്യും. യു.ഡി.എഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ വിവിധ കലാലയങ്ങളിലാണ് വോട്ടഭ്യർത്ഥന നടത്തുന്നത്. എൽ.ഡി.എഫ് സ്ഥാനാർഥി പി.സരിൻ രാവിലെ കൊടുന്തിരപ്പുള്ളി അഗ്രഹാരത്തിൽ നിന്നും പ്രചാരണം ആരംഭിച്ചു.

****************************************************

## ചേലക്കര ഉപതിരഞ്ഞെടുപ്പ്

ചേലക്കര ഉപതെരഞ്ഞെടുപ്പിൽ മൂന്ന് മുന്നണി സ്ഥാനാർത്ഥികളും പരമാവധി വോട്ടർമാരെ നേരിട്ടുകണ്ട് വോട്ടഭ്യർഥിക്കാനുള്ള തിരക്കിലാണ്.

PNJ TVPM

എൽഡിഎഫ് സ്ഥാനാർത്ഥി യു ആർ പ്രദീപ് മുള്ളൂർക്കര, പഴയന്നൂർ, എളനാട്, എന്നിവിടങ്ങളിലെ കൺവെൻഷനുകളിൽ ഇന്ന് പങ്കെടുക്കും. യു.ഡി.എഫ് സ്ഥാനാർഥി രമ്യ ഹരിദാസ് കുടുംബ സദസ്സുകളുടെ കൂട്ടായ്മകളിലാണ് ഇന്ന് പങ്കെടുക്കുന്നത്. എൻ.ഡി.എ സ്ഥാനാർഥി കെ ബാലകൃഷ്ണൻ ഇന്ന് പാഞ്ഞാൾ പഞ്ചായത്തിലാണ് പ്രചാരണം നടത്തുന്നത്. എൻഡിഎയുടെ ചേലക്കര തെരഞ്ഞെടുപ്പ് കൺവെൻഷനിൽ ഇന്ന് വൈകിട്ട് കേന്ദ്ര മന്ത്രി സുരേഷ് ഗോപി പങ്കെടുക്കും.

***************************************************

## ജീവപര്യന്തം തടവ് പിഴ

തേങ്കുറിശ്ശി ദുരഭിമാനക്കൊലക്കേസിൽ പ്രതികൾക്ക് ജീവപര്യന്തം തടവും അരലക്ഷം രൂപ പിഴയും ശിക്ഷവിധിച്ച് കോടതി. പാലക്കാട് തേങ്കുറുശ്ശി ഇലമന്ദം കുമ്മാണി ചെറുതുപ്പല്ലൂർ സ്വദേശികളായ സുരേഷ്, പ്രഭുകുമാർ എന്നിവരെയാണ് പാലക്കാട് ജില്ലാ അഡീഷണൽ സെഷൻസ് കോടതി ജഡ്ജി ആർ.വിനായക റാവു ശിക്ഷിച്ചത്. ഇതര ജാതിയിൽ നിന്നും പ്രണയിച്ച് വിവാഹം കഴിച്ച അനീഷിനെ ഭാര്യയുടെ അച്ഛനും അമ്മാവനും ചേർന്ന് കൊലപ്പെടുത്തിയെന്നാണ് കേസ്. 2020 ക്രിസ്മസ് ദിനത്തിലാണ് അനീഷ് കൊല്ലപ്പെട്ടത്.

RNU/TVPM

***************************************************

## കണ്ണൂർ ജില്ല, ഹരിതപദവി - (ഇൻട്രോ)

കണ്ണൂർ ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങൾക്ക് ഹരിത പദവി നൽകുന്നതിനുള്ള നടപടി ഊർജിതമായി പുരോഗമിക്കുന്നു. ആദ്യ ഘട്ടത്തിൽ എട്ട് കേന്ദ്രങ്ങൾക്കാണ് ഹരിത പദവി നൽകുക.

**വിശദാംശങ്ങളുമായി ആകാശവാണി**
**കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ.....**
**(വോയിസ്........)**

***************************************************

## കളിക്കളം-മന്ത്രി ഒആർ കേളു

കളിക്കളം - 2024 ന് കാര്യവട്ടം L.N.C.P.E സ്റ്റേഡിയത്തിൽ തിരി തെളിഞ്ഞു. മന്ത്രി ഒ ആർ കേളു പതാക ഉയർത്തി കായികമേള ഉദ്ഘാടനം ചെയ്തു. ഇന്ത്യൻ ഫുട്ബോൾ ടീം മുൻ ക്യാപ്റ്റൻ കെ വി ധനേഷ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. 22 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ, 118 പ്രീമെട്രിക് - പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ നിന്നുള്ള 1,500-ഓളം കായിക താരങ്ങളാണ് മത്സരങ്ങളിൽ മാറ്റുരയ്ക്കുന്നത്.

**********************************************************

## രഞ്ജി ട്രോഫി

രഞ്ജി ട്രോഫി ക്രിക്കറ്റിൽ ബംഗാളിനെതിരെ കേരളത്തിന് ബാറ്റിങ്ങ് തകർച്ച. മത്സരത്തിൻറെ മൂന്നാം ദിനം ഒന്നാം ഇന്നിംസ് ബാറ്റിംഗ് പുനാരംഭിച്ച കേരളത്തിന് 83 റൺസെടുക്കുന്നതിനിടെ 6 വിക്കറ്റുകൾ നഷ്ടമായി. ഗ്രൂപ്പ് സിയിൽ രണ്ടാം സ്ഥാനത്തുള്ള കേരളത്തിന് ഏഴ് പോയിന്റും മൂന്നാമതുള്ള ബംഗാളിന് നാലു പോയിന്റുമാണുള്ളത്. രണ്ട് കളികളിൽ 10 പോയിന്റുമായി ഹരിയാനയാണ് ഗ്രൂപ്പിൽ ഒന്നാമത്.

**********************************************************

## ജില്ലാ സ്കൂൾ കായികമേള

തിരുവനന്തപുരം ജില്ലാ സ്കൂൾ കായികമേളയിൽ നെയ്യാറ്റിൻകര ഉപജില്ലാ ഓവറോൾ ചാമ്പ്യന്മാരായി. 9 സ്വർണവും,15 വെള്ളിയും, 10 വെങ്കലവുമുൾപ്പെടെ 127 പോയിൻറാണ് നെയ്യാറ്റിൻകര ഉപജില്ലയിലെ സ്കൂളുകൾ നേടിയത്.

**********************************************************

## വർണ്ണോത്സവം-തിരുവനന്തപുരം

ശിശുദിനത്തോടനുബന്ധിച്ച് സംസ്ഥാന ശിശുക്ഷേമ സമിതി സംഘടിപ്പിക്കുന്ന കലോത്സവമായ വർണോത്സവത്തിന് തിരുവനന്തപുരത്ത് തുടക്കമായി. സംസ്ഥാന തല പ്രസംഗ മത്സരത്തോടെയാണ് വർണോത്സവത്തിന് തുടക്കമായത്. മൂവായിരത്തോളം കുട്ടികളാണ് വർണോത്സവത്തിൽ പങ്കെടുക്കുന്നത്.

PNUTVPM

**************************************************

## സ്പെക്ട്രം തൊഴിൽമേള

സ്പെക്ട്രം തൊഴിൽ മേളയ്ക്ക് തിരുവനന്തപുരം ചാക്ക ഐ ടി ഐ യിൽ തുടക്കമായി. ജില്ലയിലെ വിവിധ ഗവ. ഐ.ടി.ഐ കളിൽ പരിശീലനം പൂർത്തിയാക്കിയവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായാണ് തൊഴിൽ മേള സംഘടിപ്പിച്ചിരിക്കുന്നത്. 2,800-ഓളം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**************************************************

## കൊല്ലം - മത്സ്യങ്ങൾ

കൊല്ലം അഷ്ടമുടിക്കായലിൽ മത്സ്യങ്ങൾ കൂട്ടത്തോടെ ചത്ത സംഭവത്തിൽ വിവിധ ഏജൻസികൾ പരിശോധന ആരംഭിച്ചു. ഫിഷറീസ് ഡിപ്പാർട്ടുമെൻ്റ്, കുഫോസ് , കേരള യൂണിവേഴ്സിറ്റി അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് ഡിപ്പാർട്ടുമെൻ്റ്, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവിടങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥർ സാമ്പിളുകൾ ശേഖരിച്ചു. ചത്ത മത്സ്യങ്ങളെ കായലിൽ നിന്ന് നീക്കി മറവുചെയ്തു.

RNU TVPM

**************************************************

## സിബിസി - കണ്ണൂർ

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലെ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻസിന്റെ നേതൃത്വത്തിൽ മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന സംയോജിത ആശയ ബോധവൽക്കരണ പരിപാടി കണ്ണൂർ ചക്കരക്കല്ലിൽ ആരംഭിച്ചു. എടക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻ്റ് പി കെ പ്രമീള പരിപാടി ഉദ്ഘാടനം ചെയ്തു. ചെമ്പിലോട് ഗ്രാമ പഞ്ചായത്ത് പ്രസിഡൻ്റ് കെ. ദാമോദരൻ, സെൻട്രൽ ബ്യൂറോ ഓഫ് കമ്യൂണിക്കേഷൻ കേരള, ലക്ഷദ്വീപ് ഡയറക്ടർ വി.പാർവ്വതി തുടങ്ങിയവർ സംസാരിച്ചു.

**************************************************

## ട്രാൻസിറ്റ് ഹോം

സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള സംസ്ഥാനത്തെ ആദ്യത്തെ ട്രാൻസിറ്റ് ഹോം ഇന്ന് മന്ത്രി ആർ.ബിന്ദു ആലപ്പുഴയിൽ ഉദ്ഘാടനം ചെയ്യും. അനധികൃതമായി രാജ്യത്ത് പ്രവേശിക്കുന്നവരും , വിസ കാലാവധിക്ക് ശേഷം നിയമാനുസൃതമല്ലാതെ തുടരുന്നവരും മറ്റുവിധത്തിൽ സംരക്ഷണം ആവശ്യപ്പെടുന്നവരുമായ വിദേശ പൗരന്മാരെ താൽക്കാലികമായി താമസിപ്പിക്കുന്നതിനുള്ള സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സംവിധാനമാണ് ട്രാൻസിറ്റ് ഹോം.

*****************************************************

## എ.ഡി.എം - ജാമ്യാപേക്ഷ

കണ്ണൂർ എ.ഡി.എം. ആയിരുന്ന കെ.ന വീൻ ബാബുവിൻ്റെ മരണവുമായി ബന്ധപ്പെട്ട് മുൻ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി.പി ദിവ്യ നൽകിയ മുൻകൂർ ജാമ്യാപേക്ഷയിൽ തലശ്ശേരി പ്രിൻസിപ്പൽ സെഷൻസ് കോടതി നാളെ വിധി പറയും.

RNU TVPM

*************************

****************************************

*****************************************************